## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിക്കു പുതിയ പ്രവർത്തനരേഖ</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :599

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ജി. സുധാകരൻ<br>ശ്രീമതി കെ. കെ. ലതിക<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി പുതിയ പ്രവർത്തനരേഖ കേന്ദ്ര ഗ്രാമവികസന വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങളെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസക്തമായവ ചുവടെ ചേർക്കുന്നു.<br>1. കരിങ്കൽ, ചരൽക്കല്ല്, കുറ്റിച്ചെടി എന്നിവ നീക്കം ചെയ്യൽ, ചെളി വാരലും അതുപോലുള്ള സമാന സ്വഭാവത്തിലുള്ള പ്രവൃത്തികൾ<br>2. നിലം ഒരുക്കൽ, നിലം ഉഴുകൽ, വിതക്കൽ, കളയെടുപ്പ്, മണ്ണിളക്കൽ, വെള്ളംഒഴിക്കൽ, കൊയ്ത്ത്, മരം, ചെടി എന്നിവയുടെ കൊമ്പ് കോതൽ<br>3. ഭക്ഷ്യധാന്യവിളകൾ, പച്ചക്കറികൃഷി, പുഷ്പ കൃഷി.<br>4. പച്ചക്കറികൃഷി, പുഷ്പകൃഷി എന്നിവയുടെ സാധനഘടകങ്ങളായ വിത്ത്,വളം, കീടനാശിനി പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | വാങ്ങുവാൻ പാടുള്ളതല്ല.<br>5. പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിക്കുവാൻ പാടുള്ളതല്ല.<br>6. ദേശീയ ഭൂഗർഭ ബോർഡിന്റെ അഭിപ്രായത്തിൽ സുരക്ഷിതമായ പ്രദേശങ്ങളിൽ മാത്രമേ കിണർ നിർമ്മാണം ഏറ്റെടുക്കുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം മൂന്ന് കർഷകർക്കെങ്കിലും പ്രയോജനപ്പെടുന്ന ഗ്രൂപ്പ് കിണറുകൾ മാത്രമേ ഏറ്റെടുക്കേണ്ടതുള്ളൂ. കുഴൽ കിണറുകൾ പദ്ധതിയിൽ അനുവദനീയമല്ല |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്ന് കാർഷിക മേഖലയെ ഒഴിവാക്കിയത് മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

കേന്ദ്രർക്കാരിന്റെ 2013 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ കൃഷി പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തടസ്സമായ കർശനമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

തരിശായികിടക്കുന്ന വയലുകൾ കൃഷിക്കനുയോജ്യമാക്കി മാറ്റുന്നതിന്റെ ഭാഗമായി കുറ്റിക്കാടുകൾ നീക്കം ചെയ്യൽ, വരമ്പുകൾ സ്ഥാപിക്കൽ, തറ നിരപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതും അവയെ ഭൂവികസനത്തിൽപ്പെടുത്തേണ്ടതുമാണെന്ന് സംസ്ഥാന സർക്കാർ 12.06.2013 ലെ സ.ഉ (സാധ) 1543/13/തസ്വഭവ ഉത്തരവ് പ്രകാരം സ്പഷ്ടീകരിച്ചിട്ടുണ്ട്. കൂടാതെ

a. വയലിലേക്കുള്ള ജലസേചനം മെച്ചപ്പെടുത്തുന്നതിനായി പാർശ്വങ്ങളിൽ നിലവിലുള്ള കൈ തോടുകൾ മെച്ചപ്പെടുത്തുക, പുതിയ കൈത്തോടുകൾ സ്ഥാപിക്കൽ;

b. പറമ്പുകളിൽ വൃക്ഷങ്ങൾക്ക് തടം തുറക്കൽ, പറമ്പ് കിളയ്ക്കൽ, പുതയിടിൽ, നെടുകേയും കുറുകേയും ബണ്ട് (തിടിൽ/പണ) നിർമ്മിക്കൽ, പറമ്പിന് ചുറ്റും കൈയ്യാല നിർമ്മിക്കൽ, ചരിവിനനുസൃതമായി percolation tank കൾ നിർമ്മിക്കൽ, ചരിവ് അനുസ്സരിച്ച് തറനിരപ്പാക്കൽ (terracing), ഫാംബണ്ടിംഗ് , കോൺടൂർ ബണ്ടുകളുടെ നിർമ്മാണം, കോൺടൂർ കയ്യാലകളുടെ നിർമ്മാണം തുടങ്ങിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

c. തോട്ടവിളകൾ, അഗ്രോഫോറസ്ട്രി/ഹോർട്ടികൾച്ചർ (പഴവർഗ്ഗങ്ങൾ) എന്നിവ കൃഷി ചെയ്യുന്നതിനാവശ്യമായ ഭൂമി ഒരുക്കൽ (ആവശ്യമെങ്കിൽ വെള്ളം നനയ്ക്കൽ ഉൾപ്പെടെ) ഏറ്റെടുക്കൽ

d. പറമ്പുകളിലേക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ ചാലുകൾ നിർമ്മിക്കൽ

എന്നിവയും പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണെന്ന് സർക്കാർ സ്പഷ്ടീകരിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടലുകൾ നടത്തുന്നത് നീർത്തട വികസന മാസ്റ്റർ പ്ലാനിന്റെ

അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. നീർത്തട പ്രദേശത്തു വരുന്ന എല്ലാ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങളും ഓരോ പ്ലോട്ടിലും നടത്തേണ്ട ഇടപെടലുകളും നീർത്തട മാസ്റ്റർ പ്ലാനിൽ പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാൻ അനുസ്സരിച്ച് പഞ്ചായത്തിലുള്ള എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ ഐ. എ.വൈ ഗുണഭോക്താക്കൾ, ഭൂപരിഷ്ക്കരണത്തിന്റെ ഭാഗമായി ഭൂമി ലഭിച്ച ഗുണഭോക്താക്കൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, വനവാസികൾ, ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിലും നീർത്തട മാസ്റ്റർ പ്ലാനിൽ പറഞ്ഞിട്ടുള്ളതും എന്നാൽ പദ്ധതിയിൽ അനുവദനീയവുമായ എല്ലാ ഇടപെടലുകളും നടപ്പാക്കും എന്ന് നീർത്തട പ്ലാൻ മുഖേന ഉറപ്പാക്കിയിട്ടുള്ളതിനാൽ ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിലെ ഇടപെടലുകൾ കർഷകരുടെ അപേക്ഷ ലഭിക്കുന്ന മുറക്കും പദ്ധതിയിലെ മറ്റ് നിബന്ധനകൾക്കും വിധേയമായി മറ്റ് രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും ഏറ്റെടുത്ത് നടപ്പാക്കുകയും അതുവഴി ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ സഹായിക്കുകയും ചെയ്യുന്നു.